# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ :– ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്.)

വിഷയം: സൂക്ഷ്മ സംരംഭ യൂണിറ്റുകൾക്ക് സ്റ്റാർട്ട് അപ്പ് ഫണ്ട് അനുവദിക്കുന്നതു സംബന്ധിച്ച്

പരാമർശം: ബഹു.തദ്ദേശ ഭരണ വകുപ്പു മന്ത്രിയുടെ ചേംമ്പറിൽ 24/8/2017 ന കൂടിയ കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗത്തിലെ അജണ്ട നമ്പർ 5 ന്റെ തീരുമാന പ്രകാരം.

***Order No. 7920/D /2017/KSHO dated 05/10/2017***

കുടുംബശ്രീ അംഗങ്ങളുടെ സാമ്പത്തിക ശാക്തീകരണം ലക്ഷ്യമാക്കി നടപ്പാക്കി വരുന്ന പദ്ധതിയാണ് സൂക്ഷ്മ സംരംഭ വികസനം. സംരംഭ പ്രവർത്തനത്തിലേക്കു വരുന്നവർ നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള മൂലധനത്തിന്റെ അഭാവം. ബാങ്ക് ലോൺ പാസാകുന്നതിനുള്ള കാലതാമസം, അപ്രതീക്ഷിതമായുണ്ടാകുന്ന ചിലവുകൾ തുടങ്ങിയവ സംരംഭകരുടെ ആത്മവിശ്വാസത്തെ തകർക്കും. മാത്രവുമല്ല ചില വിഭാഗങ്ങൾക്ക് പ്രത്യേകിച്ച് അരക്ഷിത സമൂഹങ്ങളിൽ നിന്നുള്ള സംരംഭകർക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കാത്ത സാഹചര്യവുമുണ്ട്. ഈ പ്രതിസന്ധി മറികടക്കുന്നതിനും സംരംഭ പ്രവർത്തനങ്ങൾക്ക് പ്രാരംഭ ഘട്ടത്തിൽ നേരിടുന്ന സാമ്പത്തിക ഞെരുക്കത്തെ മറികടക്കുന്നതിനുമായി വ്യവസ്ഥകൾക്ക് വിധേയമായി സ്റ്റാർട്ട് അപ്പ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം അംഗീകരിച്ച് ഉത്തരവാകുന്നു.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

1. എല്ലാ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. സംസ്ഥാന മിഷനിലെ എല്ലാ സെക്ഷനുകൾക്കും
4. എല്ലാ സിഡിഎസ്സുകൾക്കും (ഡിഎംസി മുഖേന)
5. എല്ലാ എംഇസിമാർക്കും (ജില്ലാ മിഷൻ മുഖേന)

പകർപ്പ്

കരുതൽ/അധികം

അംഗീകാരത്തോടെ,

പ്രോഗ്രാം ഓഫീസർ (എം.ഇ.)

# സൂക്ഷ്മ സംരംഭ ഗ്രൂപ്പുകൾക്ക് സ്റ്റാർട്ട് അപ്പ് ഫണ്ട് – മാർഗ്ഗനിർദേശങ്ങൾ

## 1. ആമുഖം

ദാരിദ്ര്യനിർമ്മാർജ്ജനവും സ്ത്രീശാക്തീകരണവും ലക്ഷ്യമിട്ട് കുടുംബശ്രീ മിഷൻ പ്രോത്സാഹിപ്പിച്ച് വരുന്ന ഉപജീവന ഉപാധിയാണ് കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾ. ഗ്രാമീണ മേഖലയിലെ വനിതകൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനും സാമ്പത്തിക സ്വാശ്രയത്വം ഉണ്ടാക്കുന്നതിനും ആണ് ഗ്രാമീണ സൂക്ഷ്മ സംരംഭ (ആർ.എം.ഇ.) പദ്ധതി നടപ്പിലാക്കുന്നത്.

## 2. പ്രധാന ലക്ഷ്യങ്ങൾ

- സൂക്ഷ്മ സംരംഭങ്ങൾ പ്രാരംഭ ഘട്ടത്തിൽ നേരിടുന്ന സാമ്പത്തിക ഞെരുക്കങ്ങൾ മറികടക്കാൻ സഹായിക്കുക
- അരക്ഷിത സമൂഹങ്ങൾ പ്രത്യേകിച്ച് വയോജനങ്ങൾ, ട്രാൻസ് ജെന്റേഴ്സ്, തീരദേശവാസികൾ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ, എസ് സി, എസ് ടി വിഭാഗങ്ങളുടെ സംരംഭ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക.
- പെട്ടെന്നുണ്ടാകുന്ന സാഹചര്യമോ ആവശ്യകതയോ പരിഗണിച്ച് രൂപീകരിക്കുന്ന യൂണിറ്റുകൾകൾക്ക് (വായ്പ ലഭിക്കാനും അനുബന്ധ നടപടിക്രമങ്ങൾ പാലിക്കാനും കാലതാമസം നേരിടുന്ന സാഹചര്യത്തിൽ) പെട്ടെന്ന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന്.
- സംസ്ഥാന-ജില്ലാ തലത്തിൽ രൂപീകരിക്കുന്ന യൂണിറ്റുകൾകൾക്ക് (നിലവിൽ ഒരു സിഡിഎസ് പരിധിയിൽ വരുന്ന അംഗങ്ങൾ ചേർന്നാണ് സംരംഭക യൂണിറ്റ് രൂപീകരിക്കുന്നത്. എന്നാൽ ചില സാഹചര്യങ്ങളിൽ പല സിഡിഎസിൽ നിന്നുള്ള അംഗങ്ങളെയോ പല ജില്ലയിൽ നിന്നുള്ള അംഗങ്ങളെയോ ചേർത്ത് സംരംഭക യൂണിറ്റ് രൂപീകരണം നടത്തേണ്ടി വരുന്ന സാഹചര്യത്തിൽ) സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന്.
- ബാങ്ക് വായ്പക്ക് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിന്.

## 3. ഗുണഭോക്താക്കൾ

- കുടുംബശ്രീ അംഗങ്ങളായിട്ടുള്ള ട്രാൻസ്ജെന്റേഴ്സ്, വയോജങ്ങൾ, എസ് സി, എസ് ടി വിഭാഗത്തിലുള്ളവർ, തീരദേശവാസികൾ
- സംസ്ഥാന/ജില്ലാതലത്തിൽ രൂപീകരിക്കുന്ന കുടുംബശ്രീ/യുവശ്രീ വിഭാഗത്തിലുള്ള, ഗ്രൂപ്പ്/ വ്യക്തിഗത സംരംഭകർ കുടുംബശ്രീ ഗ്രാമീണ/നഗര മേഖലയിലെ അയൽക്കൂട്ടാംഗങ്ങൾ/ യുവശ്രീ അംഗങ്ങൾ

(പെട്ടെന്നുണ്ടാകുന്ന സാഹചര്യമോ ആവശ്യകതയോ പരിഗണിച്ച് രുപീകരിക്കുന്ന സംരംഭക യൂണിറ്റുകൾ ആയിരിക്കണം)

- അപേക്ഷകർ 18 – 60 മധ്യേ പ്രായമുള്ളവർ ആയിരിക്കണം.

**വ്യവസ്ഥകൾ**

സ്റ്റാർട്ട് അപ്പ് ഫണ്ടിനു അർഹതയുള്ളതു താഴെപ്പറയുന്ന സംരംഭകർക്കു മാത്രമായിരിക്കും.

- പാർശ്വവൽകൃത സമൂഹത്തിൽ നിന്നുള്ള അംഗങ്ങൾ അടങ്ങുന്ന ഗ്രൂപ്പ് (തീരദേശം, പട്ടിക ജാതി, പട്ടികവർഗ്ഗം തുടങ്ങിയവ)
- ബാങ്കിൽ നിന്നും വായ്പ ലഭിക്കാൻ സാധ്യതയില്ലാത്ത വിഭാഗം (വയോജനം, മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ട്രാൻസ് ജെൻഡർ മുതലായവർ)
- പെട്ടെന്നുണ്ടാകുന്ന സാഹചര്യമോ ആവശ്യകതയോ പരിഗണിച്ച് രുപീകരിക്കുന്ന യൂണിറ്റുകൾ (വായ്പ ലഭിക്കാനും അനുബന്ധ നടപടിക്രമങ്ങൾ പാലിക്കാനും കാലതാമസം നേരിടുന്ന സാഹചര്യത്തിൽ)
- സംസ്ഥാന–ജില്ലാ തലത്തിൽ രൂപീകരിക്കുന്ന യൂണിറ്റുകൾ (നിലവിൽ ഒരു സിഡിഎസ് പരിധിയിൽ വരുന്ന അംഗങ്ങൾ ചേർന്നാണ് സംരംഭക യൂണിറ്റ് രൂപീകരിക്കുന്നത്. എന്നാൽ ചില സാഹചര്യങ്ങളിൽ പല സിഡിഎസിൽ നിന്നുള്ള അംഗങ്ങളെയോ പല ജില്ലയിൽ നിന്നുള്ള അംഗങ്ങളെയോ ചേർത്ത് സംരംഭക യൂണിറ്റ് രൂപീകരണം നടത്തേണ്ടി വരുന്ന സാഹചര്യത്തിൽ).

**അപേക്ഷിക്കേണ്ട വിധം**

അനുബന്ധം 1 ആയി ചേർത്തിട്ടുള്ള നിശ്ചിത അപേക്ഷാ ഫോമിൽ സംരംഭകർ ബന്ധപ്പെട്ട സി ഡി എസ് മുഖേന അപേക്ഷ ജില്ലാമിഷനിൽ സമർപ്പിക്കണം. വിശദമായ പരിശോധനക്കുശേഷം ജില്ലാ മിഷൻ കോ ഓർഡിനേറ്റർ അർഹതയുള്ള യൂണിറ്റുകൾക്ക് സ്റ്റാർട്ട് അപ്പ് ഫണ്ട് അനുവദിക്കാവുന്നതാണ്.

**സ്റ്റാർട്ട് അപ്പ് ഫണ്ട് പരിധി**

ഒരംഗത്തിനു 10000/–രൂപ നിരക്കിൽ പരമാവധി 50000/– രൂപ ഗ്രൂപ്പ് സംരംഭത്തിനു സ്റ്റാർട്ട് അപ്പ് ഫണ്ടായി അനുവദിക്കാവുന്നതാണ്.

# ഗ്രൂപ്പു സംരംഭകരുടെ വിവരങ്ങൾ

| സംരംഭത്തിന്റെ പേരും വിലാസവും | എ. ഡി. എസ്സിന്റെ പേര് | സി. ഡി. എസ്സിന്റെ പേര് |
|---|---|---|
| | | |

സംരംഭകരെ സംബന്ധിക്കുന്ന വ്യക്തിഗത വിവരങ്ങൾ

| ക്രമ നമ്പർ | സംരംഭകരുടെ പേരും മേൽവിലാസവും | വയസ്സ് | വിദ്യാഭ്യാസ യോഗ്യത | കാറ്റഗറി | അയൽകൂട്ടത്തിന്റെ പേര് | അംഗമായ തിയ്യതി | ലഘു സമ്പാദ്യം | റേഷൻ കാർഡ് നമ്പർ | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

താഴെ കാണിച്ചിരിക്കുന്ന സംരംഭകരെ സംബന്ധിച്ച് 3, 4, 5, 6, 7, 8, 9 കോളങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള വിവരങ്ങൾ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതും ടി സംരംഭകരുടെ അപേക്ഷകൾ നമ്പർ ...................... തിയ്യതി ...................... തീരുമാനപ്രകാരം സി. ഡി. എസ്. കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതാണെന്നും സാക്ഷ്യപ്പെടുത്തി കൊള്ളുന്നു.

**സി.ഡി. എസ്. ചെയർപേഴ്സൺ (ഒപ്പ്)** **(സീൽ)**

**മെമ്പർ സെക്രട്ടറി (ഒപ്പ്)**